Kerala Kaumudi, dated 27/02/2018

## പുതുച്ചേരി സർക്കാർ
## പുതുച്ചേരി മലിനീകരണ നിയന്ത്രണ സമിതി

IIIrd Floor, PHB Building, Anna Nagar, Puducherry - 605 005
Ph: 0413 2201256 Tele Fax: 0413 2203494

തിയതി: 23.02.2018

**പൊതുജനവാദം കേൾക്കുന്നതിനുവേണ്ടിയുള്ള അറിയിപ്പ്**

ഭാരത സർക്കാരിന്റെ പരിസ്ഥിതി, വന, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ 2011 ലെ തീരദേശ നിയന്ത്രണ മേഖല (CRZ) അറിയിപ്പ് പ്രകാരം പുതുച്ചേരിയിലെ നാല് പ്രദേശങ്ങളിലേക്കുമായി, പുതുക്കിയ പുതുച്ചേരി തീരദേശ പരിപാലന പദ്ധതി (PCZMP) പുതുച്ചേരി സർക്കാർ തയ്യാറാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ടവരെ ഇതിനാൽ അറിയിക്കുന്നു. തീരദേശ നിയന്ത്രണ മേഖലയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളെ PCZMP തരംതിരിക്കുന്നതും തീരദേശ നിയന്ത്രണ മേഖലയിലുള്ള എല്ലാ വികസന പ്രവർത്തനങ്ങളും CRZ അറിയിപ്പിലെ വ്യവസ്ഥകൾ പ്രകാരം നിയന്ത്രിക്കപ്പെടുന്നതുമായിരിക്കും. PCZMP അന്തിമമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി പ്രാദേശിക ജനവിഭാഗങ്ങളിൽനിന്നും നിർദ്ദേശങ്ങളും തടസ്സവാദങ്ങളും സ്വീകരിക്കുന്നതിനുവേണ്ടി താഴെ കൊടുത്തിട്ടുള്ള പ്രകാരം പൊതുജനങ്ങളിൽനിന്നുള്ള വാദം കേൾക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

| ക്രമ നം. | പദ്ധതി വിവരങ്ങൾ | പൊതുജന വിചാരണയുടെ തിയ്യതിയും സമയവും | സ്ഥലം |
|---|---|---|---|
| 1. | പുതുച്ചേരി സർക്കാർ തയ്യാറാക്കിയ മാഹിക്കുവേണ്ടിയുള്ള പുതുക്കിയ പുതുച്ചേരി തീരദേശ പരിപാലന പദ്ധതി (PCZMP) | 27.03.2018 കാലത്ത് 10.00 മണി | റീജ്യണൽ അഡ്മിനിസ്ട്രേറ്ററുടെ കാര്യാലയത്തിലുള്ള വീഡിയോ കോൺഫറൻസ് സ്റ്റുഡിയോ |

PCZMP യുടെ പകർപ്പ് താഴെ കാണിച്ച ഓഫീസുകളിൽ പ്രവൃത്തി സമയങ്ങളിൽ വായിക്കുന്നതിന് ലഭ്യമാണ്.

1. റീജ്യണൽ അഡ്മിനിസ്ട്രേറ്ററുടെ ഓഫീസ്, മാഹി
2. മാഹി മുനിസിപ്പൽ കമ്മീഷണറുടെ ഓഫീസ്, മാഹി
3. ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് വകുപ്പ്, മാഹി

കരട് PCZMP യുടെ പകർപ്പ് പുതുച്ചേരി മലിനീകരണ നിയന്ത്രണ സമിതിയുടെ വെബ്സൈറ്റായ https://dste.py.gov.in/CRZ Maps.htm ലും ലഭ്യമാണ്. പൊതുജനങ്ങളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും ഈ അറിയിപ്പ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനകം താഴെകൊടുത്തിട്ടുള്ള പുതുച്ചേരി മലിനീകരണ നിയന്ത്രണ സമിതിയുടെ കാര്യാലയത്തിന്റെ വിലാസത്തിൽ എഴുതി സമർപ്പിക്കേണ്ടതാണ്.

The Member Secretary
Puducherry Pollution Control Committee,
IIIrd Floor, PHB Building, Anna Nagar,
Puducherry - 605 005, Email: dste.pon@nic.in

Sd/-
MEMBER SECRETARY
PUDUCHERRY POLLUTION CONTROL COMMITTEE

R.D. No.678/ARM/inf/2018